കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചതു സംബന്ധിച്ച ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.1813/12/തസ്വഭവ. തിരുവനന്തപുരം, തീയതി:30.06.2012

---

പരാമർശം: 1. വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 17.2.12-ലെ എ 1-1937/11 നമ്പർ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 16.5.12-ലെ 8518/ഡി.പി3/11/സി.ആർ.ഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10 വർഷത്തിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് അടിയന്തിര അറ്റകുറ്റപ്പണികൾക്ക വേണ്ടി 48,009/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും (നോൺ റോഡ്) ചെലവഴിച്ചിരുന്നു. 9.12.2004-ലെ സ.ഉ (എം.എസ്) 330/2004/തസ്വഭവ അനുസരിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനമല്ലെന്നു സൂചിപ്പിച്ച് ഈ ഇനത്തിൽ ചെലവഴിച്ച 48,009/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. പ്രസ്തുത ചെലവിനുള്ള സാധൂകരണത്തിനായി വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് സർക്കാരിൽ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.

ദിനംപ്രതി ധാരാളം പേർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വി.ഇ.ഓ കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാവുകയും പൊതുജനങ്ങളുടെ ജീവന് ഭീഷണിയാവുകയും ചെയ്ത സാഹചര്യത്തിൽ കെട്ടിടം പുതുക്കിപ്പണിയുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനോടാവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഓഫീസും അതുൾപ്പെടുന്ന സ്ഥലവും ഗ്രാമവികസന കമ്മീഷണറുടെ അധികാരപരിധിയിൽ ആയതിനാലും വി.ഇ.ഒ യുടെ സേവനം മാത്രം ഗ്രാമപഞ്ചായത്തിനു വിട്ടുകൊടുത്തതിനാലും ഗ്രാമപഞ്ചായത്ത് പ്രവൃത്തി ഏറ്റെടുക്കാതിരിക്കുകയും തുടർന്ന് പൊതുജനതാല്പര്യം കണക്കിലെടുത്ത് പ്രവൃത്തി ഏറ്റെടുക്കുകയാണുണ്ടായതെന്നും പൊതുജനതാൽപര്യം മുൻനിർത്തി വളരെ അടിയന്തിരമായി ചെയ്ത മേൽ പ്രവൃത്തി മൂലം സർക്കാരിനോ ബ്ലോക്ക് പഞ്ചായത്തിനോ യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ലായെന്നും വ്യക്തമായി.

ഈ സാഹചര്യത്തിൽ, ഭാവിയിൽ സർക്കാർ നിർദ്ദേശമില്ലാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കരുതെന്ന നിർദ്ദേശത്തോടെ 2009-10 വർഷം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പാണ്ടിക്കാട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് നവീകരിക്കുന്നതിനായി 48,009/- രൂപ ചെലവഴിച്ച വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ ആന്റ് എ)) കേരളം, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.
ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.